കേരളത്തിൽ ഐ. ഐ. ടി. ഉണ്ടാകുക എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ആകാവുന്ന എല്ലാ നടപടിയും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഉമ്മൻചാണ്ടി : ഗവൺമെന്റിനെക്കൊണ്ട് സാധ്യമായിട്ടുള്ള എല്ലാ നടപടികളും എടുക്കും. ഐ. ഐ. ടി. എന്നുള്ളത് കേരളത്തിന്റെ ഒരാവശ്യമാണ്. അതംഗീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. പക്ഷേ പ്രായോഗികമായി വന്നിരിക്കുന്ന ബുദ്ധിമുട്ട് അവിടത്തെ സ്ഥലത്തിന്റെ ലഭ്യതയാണ്. സാന്ദ്രത്തികവും അതുപോലുള്ള മറ്റുകാര്യങ്ങളും നമുക്ക് മറികടക്കാൻ സാധിക്കുന്നതാണ്. സ്ഥലത്തിന്റെ ലഭ്യത എങ്ങനെ ഉറപ്പുവരുത്താൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

III. സബ്മിഷൻ

(1) മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കളുടെ നിലവിലുള്ള ജാതിവ്യവസ്ഥ മാറ്റിയതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സർ, പിന്നോക്ക പട്ടിക സമുദായക്ഷേമവകുപ്പിൽ നിന്ന് അടുത്ത കാലത്ത് ഇറങ്ങിയ ഒരു ഉത്തരവിന്റെ പ്രത്യാഘാതമായിട്ടാണ് മിശ്ര വിവാഹിതരായിട്ടുള്ള ആളുകളുടെ മക്കളും ഹരിജൻ ഗിരിജൻ ആദിവാസി വിഭാഗത്തിൽപ്പെട്ട തായ്വഴിയുള്ള മാതാവിന്റെ മക്കളും, വളരെയേറെ ബുദ്ധിമുട്ടുകളനുഭവിക്കുന്നത്. ഒരു സ്ത്രീ ദളിത് വിഭാഗത്തിൽപ്പെട്ടതായതുകൊണ്ടു മാത്രം മക്കളിലുള്ള അവളുടെ രക്തബന്ധവും അവകാശവും ചോദ്യം ചെയ്യപ്പെടുകയാണിവിടെ. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും വളർച്ചയിലുമെല്ലാം അമ്മമാർ വഹിക്കുന്ന പങ്ക് ആർക്കാണ് മനസ്സിലാകാത്തത്? പത്തുമാസം ഉള്ളിൽ പേറി നൊന്തു പ്രസവിച്ച അമ്മയാണ് ഞാനെന്ന് ,മക്കളോട് പറയാനുള്ള അവകാശം നിഷേധിക്കപ്പെടുകയല്ലേ പിതൃദായക്രമം ഉറപ്പാക്കുക വഴി ഇവിടെ സംഭവിക്കുന്നത്? ഉയർന്ന ജാതിയിൽപ്പെട്ട അച്ഛന്റെ മക്കളാണെങ്കിൽ അവർക്ക് ഇവിടെ ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. ഹരിജൻ സമുദായത്തിൽപ്പെട്ട പിതാവിന്റെ മക്കൾ അല്ലെങ്കിൽ അവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല എന്ന സുപ്രീംകോടതിയുടെ വിധിയെ ആസ്പദമാക്കി നമ്മുടെ വകുപ്പ് പുതിയൊരു ഉത്തരവു കൊണ്ടു വന്നതിന്റെ ഫലമായി കഴിഞ്ഞ ഇരുപത്തിയെട്ടു കൊല്ലക്കാലമായി ഹരിജൻ-ഗിരിജൻ-ആദിവാസി-പട്ടിക സമുദായത്തിൽപ്പെട്ട കുട്ടികൾക്കു ലഭിച്ചുവന്നിരുന്ന, സർക്കാരിന്റേതായ വിദ്യാഭ്യാസാനുകൂല്യങ്ങളുടക്കം, എല്ലാ ആനുകൂല്യങ്ങളും തകിടം മറിഞ്ഞിരിക്കുകയാണ്. ഇതു സംബന്ധിച്ച് പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, ഇങ്ങനെയൊരു കോടതി വിധി ഇവിടെ നടപ്പാക്കാനിടയായത് ഉത്തരേന്ത്യയിലുണ്ടായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തെ സംബന്ധിച്ചുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്നാണ്. ആ കോടതി വിധി നോക്കുമ്പോൾ, മക്കളുടെ ജാതി നിയമം വഴി നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിൽ മാത്രം അച്ഛന്റേതായിരിക്കുമെന്നാണ്. അതിന്റെ അർത്ഥം നിയമം വഴി നിശ്ചയിക്കപ്പെടേണ്ടതുണ്ട് എന്നാണ്. കോടതി വിവക്ഷിക്കുന്ന രീതിയിൽ അല്ലെങ്കിലും ഇവിടെയൊരു നിയമമുണ്ടായിരുന്നു. അത് അസംബ്ളിയിൽ പാസ്സാക്കിയിരുന്നതല്ല. മുൻ ഗവൺമെന്റിന്റെ ഒരു ഉത്തരവുമൂലം ഉണ്ടായിട്ടുള്ള ഒരു നിയമമാണ്. ഗവൺമെന്റ് അസംബ്ളിയിൽ നിയമം പാസ്സാക്കിയിരുന്നുവെങ്കിൽ, സുപ്രീംകോടതി വിധിയിൽ നിന്ന് ഒരു ഉപദ്രവവും ഉണ്ടാകാതെ നമുക്ക് രക്ഷപ്പെടാനാകുമായിരുന്നു. കഴിഞ്ഞ 28 വർഷമായി നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും അതുപോലെത്തന്നെ ആദിവാസികളായ അമ്മമാരുടെ മക്കൾക്കും ലഭിച്ചുപോന്ന ആനുകൂല്യം നിഷേധിക്കുമായിരുന്നില്ല.. ഈയിടെ പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ വായിക്കാനിടയായി. "മജനിയെപ്പോലെ ഞങ്ങളും ചാടി മരിക്കണമോ" ഇതു എവിടെ ചെന്നു ചോദിക്കുന്നതാണ്? മിശ്രവിവാഹിതരായ അമ്മമാരുടെ മക്കൾ പ്രവേശന പരീക്ഷാ ഓഫീസറുടെ ഓഫീസിനുമുമ്പിൽ നിന്ന് നിറകണ്ണുകളോടുകൂടി ചോദിക്കുകയാണ്. ജാതി സംബന്ധിച്ച് നരവംശശാസ്ത്രപരമായ തെളിവ് ഹാജരാക്കാൻ പ്രവേശന പരീക്ഷാ കമ്മീഷണർ ഈ പാവപ്പെട്ട കുട്ടികളോട് പറയുകയാണ്. വളരെ ദയനീയമായ സ്ഥിതിയാണ് നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട കുട്ടികൾക്ക് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ശ്രീ. എ. പി. അനിൽകുമാറിനെപ്പോലെയുള്ള മന്ത്രിമാർ ഇതു സംബന്ധിച്ച് ശരിയായ രീതിയിൽ പഠിച്ച് അവർക്ക് സംരക്ഷണം കിട്ടുവാനുള്ള നിയമഭേദഗതിക്ക് സീനിയറായ അഭിഭാഷകരുമായി ബന്ധപ്പെട്ട്, അതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി കൊണ്ടുവന്ന് അവർക്ക് സംരക്ഷണം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ഒരു സബ്മിഷൻ തന്നിരുന്നു. അതു മറ്റൊരു ദിവസത്തേയ്ക്കു മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഇന്നലെ സബ്മിഷനായി തന്നപ്പോൾ അദ്ദേഹത്തിനു ഇന്നു സബ്മിഷൻ കൊടുത്തു എന്നേയുള്ളൂ. ആ സാഹചര്യത്തിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്കും ഒരു വാക്ക് സംസാരിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഈ വിഷയത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്നുള്ളതുകൊണ്ടാണല്ലോ നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതിൽ കൂടുതലായൊന്നും ഇതു സംബന്ധിച്ച് എനിക്ക് വിശദീകരിക്കാനില്ല. ദൂരവ്യാപകമായിട്ടുള്ള പ്രത്യാഘാതങ്ങൾ കേരളീയ സമൂഹത്തിൽ ഉണ്ടാകാനിടയാക്കുന്ന ഒരു ഉത്തരവാണിത്. ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി, ചെറുപ്പക്കാരനായ മന്ത്രി എന്നുള്ള നിലയിൽ, പലപ്പോഴും പുരോഗമനാശയപരമായ തീരുമാനങ്ങളെടുക്കുന്ന ഒരാളാണെന്നു തോന്നിപ്പിച്ചിട്ടുള്ള ഒരു മന്ത്രിയിൽ നിന്നും ഇങ്ങനെയൊരു ഉത്തരവ് തീരെ പ്രതീക്ഷിച്ചതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സാമ്പത്തികമായിട്ടുള്ള ആനുകൂല്യങ്ങളും മറ്റവകാശങ്ങളും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് അച്ഛന്റെ ജാതിയും മതവും മാത്രം നോക്കിയേ നൽകുകയുള്ളൂ എന്നാണെങ്കിൽ പത്തു മാസം നൊന്തു പ്രസവിച്ച അമ്മയ്ക്ക് എന്താണ് ഇവിടെ പ്രസക്തി? അങ്ങേയറ്റം സ്ത്രീ വിരുദ്ധവും തെറ്റായതുമായിട്ടുള്ള ഒരു ഉത്തരവാണ് ഇതെന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല. ഒരു തെരഞ്ഞെടുപ്പുകേസുമായി ബന്ധപ്പെട്ടുകൊണ്ട് വന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഇതു സംഭവിച്ചതെന്നു ഒരുപക്ഷേ മന്ത്രി പറഞ്ഞേയ്ക്കാം. പക്ഷേ 1977 മുതൽ അനുഭവിച്ചു വന്നിരുന്ന ഒരു ആനുകൂല്യമാണ് ഒരു സുപ്രഭാതത്തിൽ കേരളത്തിലെ ആയിരക്കണക്കിന് ആളുകൾക്ക് നഷ്ടപ്പെടുന്നത്. മറ്റൊരു കാര്യം, അവിവാഹിതരായ അമ്മമാർക്ക് സ്വന്തം കുഞ്ഞുങ്ങളെ സംരക്ഷിക്കാൻപോലും ആനുകൂല്യം ലഭിക്കാത്ത ഒരു സാഹചര്യമാണ് ഈ ഉത്തരവു സൃഷ്ടിക്കുന്നത്, ഇത് അത്യന്തം ദുഃഖകരമാണ്. ഭർത്താവ് മരിച്ചു പോയ ഒരു അമ്മ എന്നെ സമീപിച്ചു. അവരുടെ കുഞ്ഞിനും നീതി നിഷേധിക്കുകയാണ്. അച്ഛന്റെ ജാതി മാത്രമേ എടുക്കൂ അമ്മയുടെ ജാതി എടുക്കില്ലെന്നു പറഞ്ഞാൽ, അത് കടുത്ത അനീതിയാണ്. സ്ത്രീകളോട് എത്ര വിവേചനമാണ് ഈ ഉത്തരവിലൂടെ കാണിക്കുന്നത്? ഇതു തിരുത്തിയേ പറ്റൂ. തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്.

മി. സ്പീക്കർ: എല്ലാ അമ്മമാർക്കും വേണ്ടിയാണ് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞത്.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽ കുമാർ)* : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അതുപോലെ ബഹുമാന്യയായ പി. കെ. ശ്രീമതി ടീച്ചറും ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് വ്യക്തിപരമായി ഞാനും യോജിക്കുകയാണ്. മിശ്ര വിവാഹിതരായ ദമ്പതിമാരിൽ അമ്മയുടെ ജാതിയല്ല പിതാവിന്റെ ജാതിയാണ് കുട്ടികൾക്ക് പരിഗണിക്കേണ്ടത് എന്നുള്ള സുപ്രീം കോടതി വിധിയാണ് പട്ടികജാതി ക്ഷേമവകുപ്പ് ഈ കഴിഞ്ഞ മാർച്ച് മാസത്തിൽ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനം. അതിനെ ആസ്പദമാക്കിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ഇവിടെ പറഞ്ഞത്. ഞാനും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോട് വ്യക്തിപരമായി യോജിക്കുകയാണ്. വളരെയധികം തെറ്റിദ്ധാരണകളും വ്യക്തിപരമായ പ്രയാസങ്ങളും സൃഷ്ടിക്കുകയും പത്ര മാദ്ധ്യമങ്ങൾ ഏറെ ചർച്ച ചെയ്തതുമായ വിഷയമാണ് ഇത്. അതുകൊണ്ട് എനിക്ക് മറുപടി പറയാൻ സമയം കുറച്ച് കൂടുതൽ വേണം. ഈയൊരു കാര്യത്തെക്കുറിച്ച് 1960-ലുള്ള ഒരു ഉത്തരവാണ് ആദ്യം വന്നത്. ആ ഉത്തരവിൽ പറയുന്നത് അമ്മയുടെ ജാതി പരിഗണിച്ചു കൊണ്ടായിരിക്കണം മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകേണ്ടത് എന്നാണ്. അതായത് അമ്മ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണെങ്കിൽ അവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കും എന്നുള്ളതാണ്. 1961-ൽ വീണ്ടും ഒരു ഉത്തരവ് വന്നു. അമ്മയോ അച്ഛനോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ അവരുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകണമെന്നായിരുന്നു ആ ഉത്തരവ്. ആ ഉത്തരവിൽ വരുമാനപരിധി ബാധകമാക്കിയിരുന്നു. വരുമാനപരിധി ഒഴിവാക്കിക്കൊണ്ട് 1975-ൽ വീണ്ടും ഒരു ഉത്തരവ് വന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മിശ്രവിവാഹിതരുടെ കുട്ടികൾക്കും നൽകണമെന്ന് അതിൽ പറയുകയുണ്ടായി. അതോടൊപ്പം വരുമാനപരിധിയും എടുത്തുമാറ്റി. ഇവിടെ വിവാദമായിട്ടുള്ളത് ഗവൺമെന്റ് പുറപ്പെടുവിച്ച 1977-ലെ ഉത്തരവാണ്. 1977-ലെ ഉത്തരവിന്റെ പ്രത്യേകത എന്താണെന്നു വച്ചാൽ, പി.എസ്.സി. ഗവൺമെന്റിനോട്, പട്ടിക വിഭാഗക്കാരുൾപ്പെട്ട മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ഉദ്യോഗ നിയമനത്തിന് നൽകേണ്ട പരിഗണന എന്താണെന്ന് ചോദിക്കുന്നു. 1977-ലെ ഉത്തരവിന്റെ ഉത്ഭവം അതിൽ നിന്നാണ്. ഇത് ക്യാബിനറ്റ് എടുത്ത ഡിസിഷനല്ല, ഒരു നിയമത്തിന്റെ പിൻബലവും ഇല്ല. പക്ഷെ സർക്കാർ അന്ന് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പട്ടിക വിഭാഗക്കാരുടെ പരിഗണന കൊടുക്കണമെന്ന്. ഇങ്ങനെയുള്ള കുട്ടികളെ പട്ടികജാതി പട്ടിക വിഭാഗത്തിലുള്ള കുട്ടികളായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മാത്രമല്ല തൊഴിൽ ആനുകൂല്യങ്ങളും, അതുപോലെ എല്ലാവിധ റിസർവേഷനും കൊടുക്കണമെന്നാണ് ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. ഈ ഉത്തരവ് ഭരണഘടനാവിരുദ്ധമാണ്. കാരണം, പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഒരു സമുദായത്തെ ഉൾപ്പെടുത്താനുള്ള അധികാരം പാർലമെന്റിനു മാത്രമാണ്. ഭരണഘടനാപരമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആരാണെന്ന് പറയുവാനുള്ള ഉത്തരവാദിത്വം നമ്മുടെ നിയമസഭയ്ക്കുപോലുമില്ലാത്ത സാഹചര്യത്തിൽ ഈ ഉത്തരവിലൂടെ പട്ടിക വിഭാഗക്കാരുൾപ്പെടെയുള്ള മിശ്രവിവാഹിതരുടെ കുട്ടികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലാണെന്ന് പറയുന്നത് ഭരണഘടനാവിരുദ്ധമാണ്. ഇന്ന്, 1977-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതിയ ഉത്തരവിറക്കാനുള്ള സാഹചര്യം സൃഷ്ടിച്ചത് 2003-ലെ Punith Roy Vs. Dinesh Chaudhury കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി പ്രസ്താവമാണ്. ഹിന്ദുദായ ക്രമത്തിന്റെ പിൻബലത്തിൽ സുപ്രീം കോടതി നടത്തിയ വിധി പ്രസ്താവത്തിന്റെ വെളിച്ചത്തിൽ അപ്രസക്തമായ 1977-ലെ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ചത് പരസ്പര വിരുദ്ധമായ വിധിയും ഉത്തരവും നിലനിന്നാൽ ഉണ്ടാകാമായിരുന്ന അസനിഗ്ദ്ധാവസ്ഥ ഒഴിവാകാനായിട്ടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. "In the absence of law" എന്ന വിധിയിലെ പരാമർശം, നമ്മളെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നില്ല. കാരണം നിയമത്തിന്റെ പരിരക്ഷയുള്ള ഒരു ഉത്തരവും ഇവിടെ നിലവിലില്ലായിരുന്നു. നമുക്കുള്ളത് കേവലമൊരു എക്സിക്യൂട്ടീവ് ഉത്തരവാണ്. ആ ഉത്തരവിന്റെ പിൻബലത്തിൽ 1960 മുതൽ 1977-വരെ നിലനിന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതുപോലെതന്നെ ജോറിയുടെ കാര്യത്തിൽ 1977-ലെ ഉത്തരവിലൂടെ ലഭിച്ചുകൊണ്ടിരുന്നതും നിയമപരമായി തെറ്റായിരുന്നു. കഴിഞ്ഞ 28 വർഷക്കാലമായി നമ്മൾ ആ തെറ്റ് തിരുത്താതെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണെന്നാണ് സുപ്രീം കോടതി വിധി ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ രണ്ട് വശമുണ്ട്. ഇതിനകത്തെ സാമൂഹ്യവശം ഇവിടെ സൂചിപ്പിച്ചു. ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളെയും എല്ലാ രീതിയിലും പിൻതുണയ്ക്കുന്ന ഒരാളാണ് ഞാൻ. എന്നാൽ ഇതിനകത്തുള്ള മറ്റൊരു പ്രശ്നംകൂടി നമ്മൾ കാണണം. കിർത്താഡ്സിന്റെ തുൾപ്പെടെയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ പ്രകടമായ മറ്റൊരു സാമൂഹികവശം ഇവിടെ ഉയർന്നുവരികയാണ്. ഇതിലെ പ്രധാനപ്പെട്ട കാര്യം ഇന്റർ കാസ്റ്റ് മാര്യേജിലൂടെ ജനിക്കുന്ന കുട്ടികൾക്കാണ് ഇത് ലഭിക്കുന്ന പട്ടിക വിഭാഗങ്ങൾക്കായി മാറ്റിവെച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ ഭൂരിഭാഗവും ലഭിക്കുന്നത് എന്നതാണ്. പ്രൊഫഷണൽ കോഴ്സുകളിൽ എം.ബി.ബി.എസ്.-ന് ആയാലും എഞ്ചിനീയറിംഗിന് ആയാലും പ്രൊഫഷണൽ കോഴ്സുകളിലെല്ലാം അച്ഛനോ അമ്മയോ ആ വിഭാഗത്തിൽപ്പെട്ടിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കുട്ടികൾക്കാണ് ഏറെ സീറ്റും ലഭിച്ചു വരുന്നത്. അൻപത് വർഷമായിട്ടും ഒരു സീറ്റുപോലും ലഭിക്കാത്ത എത്രയോ മറ്റ് ജാതിക്കാരുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.. ..... (ബഹളം)

ശ്രീ. എം. വി. ജയരാജൻ : അവിവാഹിതരായ ആദിവാസി അമ്മമാരുമുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ : ഇക്കാര്യത്തിൽ വളരെ മുമ്പ് തന്നെ നൽകിയ നിർദ്ദേശം ഇപ്പോഴും നിലവിലുണ്ട്. അവിവാഹിതരായ ആദിവാസി അമ്മമാരുടെ കാര്യത്തിൽ അവരുടെ കുട്ടി അമ്മയോടൊപ്പം ജീവിക്കുന്ന സാഹചര്യത്തിൽ ആനുകൂല്യങ്ങൾ ലഭിക്കാൻ ഇപ്പോഴും ബുദ്ധിമുട്ടൊന്നുമില്ല. കുട്ടി പട്ടികവർഗ്ഗത്തിലുൾപ്പെട്ടു വളരുന്നുവെന്ന കാര്യം ആ സമുദായം അംഗീകരിച്ചാൽ മാത്രം മതി. പുതിയ ഈ ഉത്തരവിനെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയോട് സംസാരിച്ചു, നിയമവകുപ്പുമന്ത്രിയുടെയോഗം വിളിച്ചതാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം; ആദിവാസി സംഘടനകൾ പലരും എന്നോടും മുഖ്യമന്ത്രിയോടും പറഞ്ഞത് ഈ ഉത്തരവ് ഇനി തിരുത്തരുതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

പണിയ കമ്മ്യൂണിറ്റിയെന്ന് പറയുന്നത് ഏറെ ജനസംഖ്യയുള്ള ഒരു കമ്മ്യൂണിറ്റിയാണ്. അതിൽ ഒരാൾക്കുപോലും എം.ബി.ബി.എസ്.-ന് പ്രവേശനം ലഭിച്ചിട്ടില്ല എന്നാണ് അവർ പറയുന്നത്. ഇത്തരത്തിൽ ആനുകൂല്യങ്ങൾ ഒരു പ്രത്യേക വിഭാഗത്തിനുമാത്രം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ഉത്തരവ് തിരുത്തിക്കഴിഞ്ഞാൽ ഞങ്ങൾ സെക്രട്ടറിയേറ്റിന് മുന്നിൽവന്ന് ആത്മഹത്യ ചെയ്യുമെന്നുവരെ ആദിവാസി സംഘടനകൾ പറയുന്നു. അങ്ങനെയുള്ള ഒരു സാമൂഹിക വശംകൂടി ഒരു ഭാഗത്ത് നിലനിൽക്കുന്നുണ്ട്.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നയപരമായ ഒരു തീരുമാനമെടുക്കണം.

ശ്രീ. എ. പി. അനിൽ കുമാർ : എനിക്ക് പറയുവാനുള്ളത് ഇതിലും പ്രധാനപ്പെട്ട മറ്റൊരുകാര്യമാണ്. 1977-ലെ ഉത്തരവ് അനുസരിച്ച് അച്ഛനോ അമ്മയോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ, കുട്ടികൾ 17 വയസ്സ് കഴിഞ്ഞതിനു ശേഷമാണ് ഇവർ പട്ടികസമുദായത്തിലുൾപ്പെട്ടതെന്ന ജാതി അവകാശപ്പെടുന്നത്. 17 വയസ്സുവരെ അച്ഛനോ അമ്മയോ നായർ കമ്മ്യൂണിറ്റിയോ, ഈഴവ കമ്മ്യൂണിറ്റിയോ, ക്രിസ്ത്യൻ കമ്മ്യൂണിറ്റിയോ ആണെങ്കിൽ കുട്ടികളും ഈ കമ്മ്യൂണിറ്റിയാണ് അവകാശപ്പെടുക. ആ ചുറ്റുപാടിൽ ജീവിക്കുകയും ചെയ്യുന്നു. എസ്.എസ്.എൽ.സി., കഴിഞ്ഞ് പ്ലസ് ടു വരെയും ഈ ജാതിയിൽ തുടരുന്നു. പിന്നീട് പ്രൊഫഷണൽ കോഴ്സുകൾക്ക് വേണ്ടി മാത്രമാണ് ..... (ബഹളം) ..... ഞാൻ പറയുന്നത് കേൾക്ക്. ഞാൻ വിവാദത്തിനുവേണ്ടി പറയുന്നതല്ല ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യം അവിവാഹിതരായ അമ്മമാരുടെ പ്രശ്നം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ഉത്തരവ് വന്നപ്പോൾ ആ കാര്യത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചു. അപ്പോൾ 1955-ലെ ഒരു ഗവൺമെന്റ് ഉത്തരവുണ്ട്. ആ ഉത്തരവിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. Community acceptance എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ഇതിനകത്ത് വളരെ വ്യക്തമായി പറയുന്നുണ്ട് 'It can be derived from this that the illegitimate children are generally brought up by the mother and in her own surroundings. Therefore, if the mother belongs to the Scheduled Caste and brings up her child within a scheduled caste community, the child can be taken as a member of the scheduled caste community. But in this case also the major factor for consideration is whether the child has been accepted by the scheduled caste community as the member of that community and he has been brought up as such. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ആദിവാസി സ്ത്രീകളുടെ കാര്യത്തിൽ അച്ഛൻ ആരാണെന്ന് അറിഞ്ഞുകൂടാത്ത കുട്ടികൾ ഉണ്ടെങ്കിൽ, അവർ വളർന്നു വരുന്നത് ഇത്തരമൊരു സാഹചര്യത്തിലാണെങ്കിൽ ..... (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : എന്തായാലും ഇക്കാര്യം വളരെ സെൻസിറ്റീവായിട്ടുള്ള ഇഷ്യൂവായി വന്നിട്ടുണ്ട്. ഇതിൽ പല വശങ്ങളുണ്ട്. ലോക്കലായിട്ടുണ്ട്, സോഷ്യലായിട്ടുണ്ട്, സെന്റിമെന്റലായിട്ടുണ്ട്. അതുകൊണ്ട് ഇത് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഒരു പോളിസി ഡിസിഷൻ എടുക്കുക. അല്ലാതെ കൺഹ്യൂസ്ഡായിട്ട് പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എ. പി. അനിൽ കുമാർ : ഞാൻ ഇതിനൊന്നും എതിരല്ല. ഏത് ചർച്ചയ്ക്കും തയ്യാറാണ്. അതുകൊണ്ടാണ് ഞാൻ ആമുഖമായി പറഞ്ഞത് ഇക്കാര്യത്തിൽ എനിക്ക് പോസിറ്റീവായിട്ടുള്ള സമീപനമാണുള്ളത്. എനിക്ക് വ്യക്തിപരമായ ഒരു തീരുമാനമെടുക്കാൻ പറ്റില്ല. ഈ ഒരു ഉത്തരവിനെതിരെ അഞ്ചോളം പേർ ഹൈക്കോടതിയിൽ പോയിട്ടുണ്ട്. മുഴുവൻ വിചാരണയും കഴിഞ്ഞ് ഈ മാസം തന്നെ ഹൈക്കോടതി വിധി വരുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുകൂടി വന്നുകഴിഞ്ഞാൽ ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്. എങ്ങനെവേണമെങ്കിലും ഏത് സമയത്തും ചർച്ച ചെയ്യാൻ തയ്യാറാണ്. അതിൽ യാതൊരു പ്രയാസവുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, ഈ പ്രശ്നം ബന്ധപ്പെട്ട മന്ത്രിയും ഞാനുമായിട്ട് സംസാരിക്കുകയും ഇത് സംബന്ധിച്ച നിവേദനങ്ങളെല്ലാം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി എടുക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ ഇവിടെ ഉന്നയിച്ച ആവശ്യം പ്രത്യേകമായ പരിശോധനയിൽ ഇരിക്കുകയാണ്. കോടതിവിധിക്ക് തടസ്സമില്ലാത്ത വിധത്തിൽ, നിയമപരമായും സാങ്കേതികമായും തടസ്സം ഇല്ലാത്ത വിധത്തിൽ അതിന് പരിഹാരം ഉണ്ടാക്കണം. ഇതിനു പിന്നിലുള്ള വികാരം മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അത് ഗവൺമെന്റ് ഉൾക്കൊള്ളുന്നു. അതിനുള്ള ഏതെങ്കിലും തടസ്സം നിയമപരമായ പ്രശ്നങ്ങളും കോടതിയുടെ ഇടപെടലുമാണ്. ഈ സാഹചര്യത്തിൽ അത് ഒഴിവാക്കിക്കൊണ്ട് എങ്ങനെ ചെയ്യാൻ സാധിക്കും എന്നുള്ളതാണ് നോക്കുന്നത്. ഇത് സംബന്ധിച്ചുള്ള തീരുമാനം എത്രയും വേഗം എടുക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഹൈക്കോടതിയിൽ ഇങ്ങനെ അഞ്ച് കേസുകൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ വിധിമൂലം ഇവിടത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിൽപ്പെട്ട അമ്മമാരുടെ മക്കളായി വന്ന ആളുകൾക്ക് 28 വർഷമായി ലഭിച്ചിരുന്ന ആനുകൂല്യം തകർന്നുപോവുകയാണ്. അത് പ്രൊട്ടക്ട് ചെയ്യാൻവേണ്ടി സഭയ്ക്ക് കഴിയും. ആ നിലയ്ക്ക് ബന്ധപ്പെട്ട ആഫീസർമാരുമായോ സീനിയർ അഭിഭാഷകൻമാരുമായോ ബന്ധപ്പെട്ടിട്ട് ഈ സഭയിൽ നമുക്ക് അത് റെക്ടിഫൈ ചെയ്യാൻ കഴിയും എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഉമ്മൻചാണ്ടി : ഇത് സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിയും ഡിപ്പാർട്ടുമെന്റും ആവശ്യമായിട്ടുള്ള നടപടികൾ എടുത്തിട്ടുണ്ട്. പല പ്രാവശ്യം ഇതിനെക്കുറിച്ച് ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും പരിശോധിക്കുകയും ചെയ്തു. പക്ഷേ നിയമപരമായ പ്രശ്നങ്ങൾ മാറ്റിക്കൊണ്ടുവേണം അതിന് തീരുമാനം എടുക്കാൻ. അതിന് അങ്ങ് പറഞ്ഞതുപോലെ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അല്ലാതെ തന്നെ പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(2) ചികിത്സ ലഭിക്കാതെ അന്തരിച്ച രമണിയുടെ കുടുംബത്തെ സഹായിക്കണമെന്ന ആവശ്യം

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കാട്ടാക്കട എന്ന പ്രദേശത്ത് രമണി എന്ന വീട്ടമ്മ അജ്ഞാതമായ രോഗത്തിന് അടിമപ്പെട്ട് വളരെയധികം ബുദ്ധിമുട്ടിയ സാഹചര്യത്തിൽ അന്തരിച്ചു. നാല് കുഞ്ഞുങ്ങളുടെ മാതാവായിരുന്നു ആ സ്ത്രീ. ഓലകൊണ്ട് മറച്ച ചെറ്റക്കുടിലിലാണ് ആ കുടുംബത്തിന്റെ താമസം. രണ്ടു കുഞ്ഞുങ്ങൾ തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ ഇപ്പോഴും അജ്ഞാതമായ രോഗത്താൽ ചികിത്സയ്ക്ക് വിധേയമായി കിടക്കുകയാണ്. രണ്ട് മുതിർന്ന കുട്ടികൾ കൂടിയുണ്ട്. അവർക്ക് ആകെ മൂന്നര സെന്റ് സ്ഥലം അല്ലാതെ വേറൊന്നുമില്ല. ആ കുടുംബത്തിന് ചുരുക്കം സഹായം ചില ഭാഗത്തുനിന്നും കിട്ടി. നാല് കുഞ്ഞുങ്ങളെ അനാഥരാക്കി പോയ രമണിയുടെ കുടുംബത്തിനെ സഹായിക്കുന്നതിന് നടപടി എടുക്കണമെന്നാണ് മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്വന്തമായിട്ട് വീടും കുട്ടികളുടെ ചികിത്സാ ചെലവും അതോടൊപ്പം നാല് കുട്ടികളുടെ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടിയുള്ള ജീവിത സാഹചര്യവും ഒരുക്കി കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി എടുക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി)* : സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും സഹതാപം അർഹിക്കുന്ന ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. ഒർത്താവ് തന്റെ കുടുംബത്തോടും മക്കളോടുമുള്ള ബാദ്ധ്യതയെല്ലാം മറന്ന് വളരെ നിരുത്തരവാദപരമായിട്ട് പ്രവർത്തിക്കുന്നു. ദാരിദ്ര്യത്തിൽ കഴിഞ്ഞ ആ അമ്മയും നാല് മക്കളും വളരെ നാളുകളായിട്ട് രോഗത്തിന് അടിമപ്പെട്ട് ചികിത്സയിലായിരുന്നു. അവരുടെ ചികിത്സാ ചെലവ് നടത്തിക്കൊണ്ട് പോകുന്നതിന് വളരെ ബുദ്ധിമുട്ടി കഴിഞ്ഞു. ആ നാലു കുട്ടികൾക്ക് അമ്മ നഷ്ടപ്പെട്ടു. അച്ഛൻ ഇല്ലാത്ത സാഹചര്യത്തിൽ കഴിയുകയാണ്. അവർക്ക് വേണ്ട ചികിത്സാ സൗകര്യം ഗവൺമെന്റ് ചെയ്തു കൊടുക്കും. അവർക്ക് വീടില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. വീടുണ്ടാക്കി കൊടുക്കുന്ന നടപടികൾക്കും ഗവൺമെന്റ് മുൻകൈയെടുക്കും. അതോടൊപ്പം ഏതെങ്കിലും വൊളന്ററി

LIBRARY ARCHIVES Kerala Legislative Assembly